"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോഴിക്കോട് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ശ്രീജിത്ത്.കെ.യുടെ നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.235/2022/LSGD തീയതി,തിരുവനന്തപുരം, 04-02-2022

പരാമർശം:- 1. നഗരകാര്യ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 18.12.2021 തിയതിയിലെ ഇ8-18880/21നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 18.12.2021 തിയതിയിലെ ഇ8-18880/21നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 24.08.2004ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ശ്രീജിത്ത്.കെ. ടി തസ്തികയിലെ നിരീക്ഷണകാലയളവ് 24.08.2006തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും, 31.03.1967 ജനന തീയതിയുള്ള ടിയാന് 30.03.2017 ൽ 50 വയസ്സ് പൂർത്തിയായതിനെ തുടർന്ന് ടിയാന്റെ പ്രൊബേഷൻ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (24.08.2007വരെ) ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ് എന്നും ആയതിനാൽ ടിയാന്റെ പ്രൊബേഷൻ 31.03.2017ന് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക തരത്തിൽ പ്രൊബേഷൻ കാലയളവ് 01.04.2017വരെ ദീർഘിപ്പിക്കണമെന്നും നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 24.08.2004ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ശ്രീജിത്ത്.കെ.-യ്ക്ക് 30.03.2017തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2ചട്ടം 13 ബി 4-ാം മത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, ടിയാന് 50 വയസ്സ് പൂർത്തിയായിട്ടുള്ള 30.03.2017പൂർവ്വാഹ്നത്തിൽ ടിയാന്റെ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ 24.08.2007 ന തൊട്ടടുത്ത ദിവസം മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസമായ 31.03.2017വരെ KS&SSRs, Part II ചട്ടം 21

പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ശ്രീജിത്ത്.കെ., എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ,കോഴിക്കോട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോഴിക്കോട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ